LIBRARY ARCHIVES Kerala Legislative Assembly

ഇന്ദിര ആവാസ് യോജന

48 (1481) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് സർക്കാർ വിഹിതം നൽകാത്തതിനാൽ എത്ര വീടുകളുടെ നിർമ്മാണം മുടങ്ങിയിട്ടുണ്ട്;

(ബി) പ്രസ്തുത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ;

(സി) പ്രസ്തുത ഭവനങ്ങളുടെ നിർമ്മാണത്തിന് ബാങ്കുകളിൽ നിന്നും സർക്കാർ ഉറപ്പിൽ വായ്പ എടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിക്കുന്നതിനുള്ള നിർദ്ദേശം ധനവകുപ്പ് അംഗീകരിക്കാത്തതിനാൽ ബാങ്ക് വായ്പ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഇന്ദിര ആവാസ് യോജനയുടെ കേന്ദ്ര വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാന വിഹിതം കൃത്യമായി നൽകുന്നുണ്ട്.

(ബി) ബാധകമല്ല.

(സി) ഇന്ദിര ആവാസ് യോജനയുടെ യൂണിറ്റ് കോസ്റ്റ് 2 ലക്ഷവും (എസ്സി. ജനറൽ) 2.5 ലക്ഷവും (എസ്റ്റി) ആക്കി സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചതുമൂലമുണ്ടായ അധിക ബാദ്ധ്യത പരിഹരിക്കുന്നതിന് സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചത് 2011-12-ലാണ്. അതനുസരിച്ച് വിവിധ ബ്ലോക്ക് പഞ്ചായത്തുകൾ ആകെ 50.8 കോടി രൂപ വിവിധ സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തിട്ടുണ്ട്.

മലയോര വികസന ഏജൻസി

49 (1482) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് നിലവിൽ മലയോര വികസന ഏജൻസിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ ;

(ബി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളെയും മലയോര വികസന ഏജൻസിയുടെ പരിധിയിൽ ഉൾപ്പെടുത്തുമെന്ന് ആസൂത്രണ വകുപ്പുമന്ത്രി നിയമസഭയിൽ നൽകിയ ഉറപ്പു പാലിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ മലയോര വികസന ഏജൻസിയുടെ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള പഞ്ചായത്തുകൾ താഴെപ്പറയുന്നവയാണ് :

1. കുന്നോത്തുപറമ്പ്
2. പാട്യം
3. കണിച്ചാർ
4. കേളകം
5. കൊട്ടിയൂർ
6. അയ്യൻകുന്ന്
7. ആറളം
8. പയ്യാവൂർ
9. എരുവേശ്ശി
10. ഉളിക്കൽ
11. ശ്രീകണ്ഠാപുരം
12. ഇരിക്കൂർ
13. നടുവിൽ
14. ആലക്കോട്
15. ഉദയഗിരി
16. ചെങ്ങളായി
17. ചപ്പാരപ്പടവ്
18. ചെറുപുഴ

LIBRARY ARCHIVES Kerala Legislative Assembly

(ബി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന പഞ്ചായത്തുകളെ മലയോര വികസന ഏജൻസിയുടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് അംഗീകരിച്ചിട്ടുള്ള പഞ്ചായത്തുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്:

1. ചിറ്റാരിപ്പറമ്പ
2. കീഴല്ലൂർ
3. കൂടാളി
4. മാല്ലൂർ
5. മങ്ങാട്ടിടം
6. കോളയാട്
7. തില്ലങ്കേരി
8. പടിയൂർ കല്യാട്

ഫണ്ടിന്റെ പരിമിതിമൂലം ഒന്നാം ഘട്ടത്തിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഒരു പഞ്ചായത്തിനെയും തെരഞ്ഞെടുത്തിട്ടില്ല. എന്നാൽ പ്രസ്തുത പഞ്ചായത്തുകളെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

ഇന്ദിരാ ആവാസ് യോജന

50 (1483) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിരാ ആവാസ് യോജനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പ്രസ്തുത പദ്ധതിയനുസരിച്ച് നൽകുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഐ.എ.വൈ. പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly